

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പായിപ്പാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെറ്റിഎം പി-10/1543/25/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 13/11/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായിപ്പാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെറ്റിഎം പി-10/1543/25/2025 തീയ്യതി: 13/11/2025

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സുരേഷ് എസ്.	ഡെപ്യൂട്ടി ഡയറക്ടർ	21-08-2025	30-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-08-2025	30-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രാജേഷ് കുമാർ. പി. ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീ. കെ. ഡി. മോഹനൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീമതി ലിറ്റി തോമസ്	സെക്രട്ടറി	01-04-2024	11-09-2024
ശ്രീ. കെ. ജയസിംഹൻ	സെക്രട്ടറി	12-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ഫാത്തിമ. കെ. ഇ.	അസിസ്റ്റൻ്റ് എഞ്ചിനീയർ	01-04-2024	31-03-2025
ഡോ. അജിത്ത് തോമസ് മാത്യു	മെഡിക്കൽ ഓഫീസർ (FHC)	01-04-2024	31-03-2025
ഡോ. ആരതി ഗോപിനാഥ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2024	31-03-2025
ഡോ. ഗായത്രി ബി. എസ്.	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ഡോ. സരിത തങ്കച്ചൻ	വെറ്ററിനറി സർജ്ജൻ	01-04-2024	31-03-2025
ശ്രീ. ഗൗതം സുരേഷ് എസ്.പി.	കൃഷി ഓഫീസർ	01-04-2024	05-03-2025
ശ്രീമതി റസിയ എ. സലാം	കൃഷി ഓഫീസർ	06-03-2025	31-03-2025
ശ്രീമതി. അനു മാത്യു	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025
ശ്രീമതി ദിവ്യ എസ്.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025

ശ്രീ. ശ്രീകാന്ത് എം.	വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ (ഇായിക്കാട് സർക്കിൾ)	01-04-2024	31-03-2025
ശ്രീ. രതീഷ് പി.ആർ.	വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ (പായിപ്പാട് സർക്കിൾ)	01-04-2024	31-03-2025
ശ്രീമതി ഐശ്വര്യ സാലി	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2024	31-03-2025
ശ്രീമതി ബിന്ദു ഹരിഹരൻ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-05-2024
ശ്രീ. ജയ്മോൻ ടി.	അസിസ്റ്റന്റ് സെക്രട്ടറി	20-09-2024	31-03-2025

01.06.2024 മുതൽ 19.09.2024 വരെ അസിസ്റ്റന്റ് സെക്രട്ടറി തസ്തികയിൽ ജീവനക്കാർ ഇല്ലായിരുന്നു.

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല	1-1-2
4	സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല	1-1-3
5	31-03-2025 വരെയുള്ള എല്ലാ ചെലവുകളും തൻവർഷം തന്നെ Payable ആയി ക്രമീകരിച്ചിട്ടില്ല	1-1-4
6	Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-5
7	ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല	1-1-6
8	Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല	1-1-7
9	പ്രയർ പീരീഡ് വരവ് ചെലവുകൾ - നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല	1-1-8
10	B-4 & B-17 ഷെഡ്യുളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-9
11	സ്ഥിരനിക്ഷേപതുക -കണക്കുകൾ പൊരുത്തപ്പെടുന്നില്ല.	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഫണ്ട് വിനിയോഗം	1-4
15	വാർഷിക പദ്ധതി	1-5
16	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6

17	സാമൂഹിക സുരക്ഷാപെൻഷൻ	1-7
18	ക്യാഷ് വേരിഫിക്കേഷൻ	1-8
19	ആഭ്യന്തരനിയന്ത്രണസംവിധാനം	1-9
20	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
21	പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു	1-11
22	ടർഫുകൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല	1-12
23	തൊഴിൽ നികുതി പിരിവിലെ അപാകതകൾ	1-13
24	IFTE & OS ലൈസൻസ് - അപാകതകൾ	1-14
25	മാംസ സ്റ്റാൾ ലേലം വൻതുക കുടിശ്ശികയായി നിലനിൽക്കുന്നു.	1-15
26	അനധികൃതനിർമ്മാണം-ക്രമവത്കരണ അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം	1-16
27	അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള കറന്റ് അക്കൗണ്ടിൽ 97,013/- രൂപ അവശേഷിക്കുന്നു.	1-17
28	കാലഹരണപ്പെട്ട ഡെപ്പോസിറ്റുതുകകൾ മുതൽക്കൂട്ടുന്നത്- കമ്മിറ്റി തീരുമാനം നടപ്പായിട്ടില്ല	1-18
29	ദുരിതാശ്വാസ നിധി ഇനത്തിലുള്ള തുക തനത് ഫണ്ട് അക്കൌണ്ടിൽ സൂക്ഷിക്കുന്നു.	1-19
30	ഫിക്സഡ് ഡെപ്പോസിറ്റ് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ	1-20
31	പെറ്റി വർക്കുകൾ - മസ്റ്റർ റോളുകൾ പരിശോധനക്ക് ഹാജരാക്കിയില്ല.	1-21
32	പ്രിന്റിംഗ് പ്രവൃത്തികൾ - കമ്മീഷൻ നടപടികളുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.	1-22
33	ആംബുലൻസിന് ഇൻഷുറൻസ്- സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല	1-23

34	തെരുവു നായയുടെ ചികിത്സക്കായി നൽകിയ തുകയുടെ ചെലവ് വിവരങ്ങൾ ലഭ്യമല്ല	1-24
35	വൈദ്യുതി ചാർജ്ജ്/വെള്ളക്കരം ഒടുക്കൽ - ജോയിന്റ് വേരിഫിക്കേഷൻ നടത്തിയിട്ടില്ല	1-25
36	സ്ത്രീകൾക്ക് ഫിറ്റനസ് സെന്റർ - അടിസ്ഥാനസൗകര്യങ്ങളൊരുക്കാതെ ഉപകരണങ്ങൾവാങ്ങി- വാങ്ങിയ ഉപകരണങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടില്ല	1-26
37	ചായക്കാരൻകുളം നവീകരണം-പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ല.	1-27
38	വിവിധ നിക്ഷേപപ്രവൃത്തികൾ പൂർത്തീകരണവിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമായില്ല വിവിധ നിക്ഷേപപ്രവൃത്തികൾ പൂർത്തീകരണവിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമായില്ല	1-28
39	15-ാം വാർഡിൽ കുടിവെള്ള പ്ലാന്റ് - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല	1-29
40	കൊല്ലാപുരം -കുഴിമണ്ണിൽ റോഡ് മെയിന്റനൻസ് 2023-24 ൽ കരാറിലേർപ്പെട്ട പ്രവൃത്തി ഓഡിറ്റ് വർഷവും പൂർത്തീകരിച്ചിട്ടില്ല	1-30
41	സ്കൂളിലേയ്ക്ക് ഫർണീച്ചർ വാങ്ങൽ - അപാകതകൾ	1- 31
42	ആയുർവേദ ഡിസ്പെൻസറിയുടെ വൈദ്യുതി കണക്ഷൻ തെറ്റായ താരിഫിൽ	1-32
43	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല	1-33
44	പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല	1-34
45	മാരക രോഗങ്ങൾക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല	1-35
46	സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - ആവശ്യത്തിലധിക ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങി.	1-36
47	ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ധന സഹായം നൽകി	1-37
48	പഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതി	1-38

49	ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും - അവലോകനം	1-39
50	ജൽ ജീവൻ പദ്ധതി - അവലോകനം	1-40
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം -ഈടാക്കൽ ഒടുക്ക് വിശദാംശങ്ങൾ	4-1
2	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ്	4-5
6	വായ്പ /വായ്പാതിരിച്ചടവ്	4-6
7	സ്ഥിരനിക്ഷേപങ്ങൾ	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-9
10	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

31-03-2025 തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് മൂല്യത്തിന്റെ (29,16,93 ആധികാരികത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 2011-ലെ കേരള പഞ്ചായത്ത (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രുവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ ആരംഭിച്ച 01-04-2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം 3,76,08,004/- രൂപയായി നിർണ്ണയിച്ചപ്പോ ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) വിവരം സൂക്ഷിച്ച മേൽ ചട്ടങ്ങളിലെ ചട്ടം-78 പ്രകാരം 31-03-2025 വരെ Excess Of Income Over Expenditure കണക്കാ ആധികാരിക രേഖകളും ലഭ്യമല്ല. ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകൾ തയ്യാറ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ആയത് ഹാജരാക്കേണ്ടതുമാണ്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മ സ്റ്റേറ്റ്മന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 പ്രകാരമുള്ള ആ ബാധ്യതാ സ്റ്റേറ്റ്മന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികക അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 20.06.2025-ലെ (1)-ാ തീരുമാനം പ്രകാരം അംഗീകരിച്ച് 23.06.2025- ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർ ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നി 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗ ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓ ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2. എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധന കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവി

മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ട തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്ന എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്ത വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രി വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വ തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുക മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളു അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളു അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപ

31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെ 31/03/2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകു

തീയതി:13-11-2025	**ഡെപ്യൂട്ടി ഡയ**

1-1-2 മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാ രേഖകളില്ല

മൂലധന വിഹിതം (Capital Contribution) മൂല്യത്തിന്റെ മുന്നിരിപ്പിന്റെ വിശദാംശം അടിസ്ഥാനത്തിലും സാമ്പത്തിക വർഷം അടിസ്ഥാനത്തിലും ഡേറ്റ പഞ്ചായത്തിൽ ല മൂലധന വിഹിതം മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന വ്യക്തമാക്കുന്ന Capital Contribution F സൂക്ഷിച്ചിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും തിരിച്ച് രജിസ്റ്റർ തയ്യാറാക്കേണ്ടതും 31-03-2025 വരെയുള്ള വിശദാംശം രേഖപ്പെട സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതുമാണ്.

1-1-3 സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല

26-07-2011 ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തിക മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01-04-2024 ൽ മുന്നിരിപ്പാ പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതി വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ് ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വി മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് നിലവിലില്ല എന്നതിനാൽ വിവിധ മേഖലകളിലാ 31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള സുസ്ഥിര ആസ്തികളുടെ ആധികാരിക കൃത്യതയും വ്യക്തമല്ല.

പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും Register/Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും വിവിധ അതിർത്തികളു (Landmark) റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ പഞ്ചായത്ത് ഭൂപ്രദേശത്തെ കണക്കിവിറ്റി മാപ്പും തയ്യാറാക്കി 31-03-2025 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാ ശേഷം ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

1-1-4 31-03-2025 വരെയുള്ള എല്ലാ ചെലവുകളും തൻവർഷം തന്നെ Payable ആയി ക്രമീകരിച്ചിട്ടില്ല

ജനപ്രതിനിധികളുടെ മാർച്ച്-2025 ലെ ഹോണറേറിയം, 31-03-2025 വരെയുള്ള കണ്ടിജന്റ് ചെലവ എന്നിവ 2024-25 ൽ Payable ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചാ രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം അതാത് സാമ്പത്തിക വർഷത്തെ ചെലവുകൾ ആകുന്നത് വർഷാവസാനം Payable ആയി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത ക്രമീകരിക്കേണ്ടതായിരുന്നു. തുടർവർഷം മുതൽ സാമ്പത്തിക വാർഷാവസാനം വരെ ചെലവുകൾ Payable ആയി അക്കൗണ്ട് ചെയ്യുന്നതിന് K-SMART സോഫ്റ്റ്വെയറിൽ സംവി ഏർപ്പെടുത്താൻ IKM-മായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

1-1-5 Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാ Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിവിധ റിക്കവറികൾ ഒടുക്കാനുള്ളവ വിശദാശംവും ഇനം, ലഭിച്ച കാലയളവ് എന്നിവയും ലഭ്യമല്ല.

1-1-6 ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans, ബി 16 – Prepaid Expenses ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കേണ്ടതും അപ പരിഹരിക്കേണ്ടതുമാണ്.

1-1-7 Capital Work In Progress ന്റെ ആധികാരികത വ്യക്തമല്ല

മരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബിൽ നൽകുമ്പോൾ ചെലവ് തുക Capital Work In Progress അക്കൗണ്ട് ചെയ്യുന്നതിനും അന്തിമ ബില്ലുകളുടെ ക്രമീകരണം നിരീക്ഷിക്കുന്നതിനും ബന്ധ Capital Work In Progress രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഈയിനത്തിലുള്ള 3048922/- രൂപയുടെ 31-03-202 നീക്കിയിരിപ്പ് വിശദാംശം ലഭ്യമല്ല.

1-1-8 പ്രയർ പീരീഡ് വരവ് ചെലവുകൾ - നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയ്

ഷെഡ്യൂൾ I-18 Prior Period Expenditure (-)1912267/- രൂപയുടെയും ഷെഡ്യൂൾ I-19 Prior Period Income തുകയുടെയും Notes On Account വാർഷികകണക്കുകളോടൊപ്പം ലഭ്യമാക്കിയില്ല.

1-1-9 B-4 & B-17 ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

CFC ഗ്രാന്റ് (ടൈഡ് & അൺടൈഡ്) വിഭാഗത്തിൽ, B-4 ഷെഡ്യൂളിലെ തുകയായ 86 (1675152+6963032) രൂപയും, B-17 (450620101) ഷെഡ്യൂളിലെ തുകയായ 87,20,980/- രൂപയും തമ്മിൽ രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

1-1-10 സ്ഥിരനിക്ഷേപതുക -കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

സ്ഥിരനിക്ഷേപതുകയുമായി ബന്ധപ്പെട്ട കണക്കുകൾ വാർഷിക ധനകാര്യപത്രികയും സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകളും ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററുമായും പൊരുത്തപ്പെടു ബാങ്ക് പത്രിക പ്രകാരം 31.03.2025 ൽ നീക്കിയിരിപ്പുള്ള സ്ഥിര നിക്ഷേപം 19643419 /- രൂപ എന്നാൽ B-12 ഷെഡ്യൂൾ പ്രകാരമുള്ള സ്ഥിരനിക്ഷേപ തുക 19728188/- രൂപയാണ്. വ്യത്യാസങ്ങൾ വിശദീകരിക്കപ്പെട്ടിട്ടില്ല.

1-2 ബജറ്റ്

ഓഡിറ്റ് വർഷത്തെ ബജറ്റ്, ഭരണസമിതിയുടെ 07.02.2024 -ലെ 1-ാം നമ്പർ തീരുമാനപ്ര അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ്, ഭരണസമിതിയുടെ 24.02.2025 തീയതിയിലെ 3(1)-ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കും പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ്	പരിഷ്കരിച്ച ബജറ്റ്
മുന്നിരിപ്പ്	3,04,03,010/-	2,63,08,010/-
വരവ്	17,41,37,841/-	26,41,03,270/-
ആകെ	20,45,40,851/-	29,04,11,280/-
ചെലവ്	17,97,77,000/-	27,65,70,183/-
നീക്കിയിരിപ്പ്	2,47,63,851/-	1,38,41,097/-

ബജറ്റ്, റിവൈസ്ഡ് ബജറ്റ്, യഥാർത്ഥ വരവ് ചെലവ് കണക്കുകൾ എന്നിവ തമ്മിൽ ഗണ്യമായ അ നിലനിൽക്കുന്നു. 1994 ലെ പഞ്ചായത്ത് രാജ് ആക്ടിലെ 214 -(3)- ാം വകുപ്പ് പ്രകാരം ബജ വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻ വർഷത്തെ യഥാ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പു വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റ് ഫയലിൽ ഇപ്രകാരമുള്ള വിശ കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ബജറ്റിന് ആധാരമായ വിശ കുറിപ്പുകളും വിശദീകരണങ്ങളും ഉൾപ്പെടുത്തേണ്ടതും, തുടർ വർഷങ്ങളിൽ സ്ഥാപനത്ത് ബജറ്റ് പ്രക്രിയയിൽ കൂടുതൽ ശ്രദ്ധയുണ്ടാകേണ്ടതുമാണ്.

1-3 സാമ്പത്തിക വിശകലനം

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് ഇൻക എക്സ്പെൻഡിച്ചർ പത്രികകളിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം (ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

റസീപ്റ്റ് & പേയ്മെന്റ് പത്രിക 2024-25

മുന്നിരിപ്പ്	1,93,45,759/-
ഓഡിറ്റ് വർഷത്തെ വരവ്	9,22,55,508/-
ആകെ	11,16,01,267/-

ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	8,36,08,976/-
നീക്കിയിരിപ്പ്	2,79,92,291/-

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2024-25

ഓഡിറ്റ് വർഷത്തെ വരുമാനം	16,95,07,227/-
ഓഡിറ്റ് വർഷത്തെ ചെലവ്	16,47,80,710/-
പ്രവർത്തന മിച്ചം	47,26,517/-
ആകെ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം	-17,74,632/
അറ്റ പ്രവർത്തനമിച്ചം	29,51,885/-

2024-25 ഓഡിറ്റ് സംക്ഷിപ്തം

വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്)	ഇ
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്)	ഇ
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	16,

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	ബജറ്റ് വിഹിതം	ആകെ	ചെലവ്	നീക്കിയിരുപ്പ്/ ലാപ്സായ തുക	ചെ ശത
വികസന ഫണ്ട് പൊതു വിഭാഗം	0	22041000	22041000	21510160	530840	9
വികസന ഫണ്ട് എസ്.സി.പി.	0	7878000	7878000	7878000	0	1
സംരക്ഷണ ഗ്രാന്റ് റോഡ്	0	20122000	20122000	16643778	3478222	8

സംരക്ഷണ ഗ്രാന്റ് നോൺ റോഡ്	0	6241000	6241000	4936997	1304003	7
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied)	678504	4245552 (323168-ട്രഷറി + 4036168 + 209384-പലിശ)	4924056	2925736 (ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ - 1940825 + റവന്യു -984911)	1998320 (323168 തിരികെ)	6
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)	2718855	8002851 (325451-ട്രഷറി)	10721706	3719783 (ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ- 2106900 + 1325923-റവന്യു)	7001923 (38891-തിരികെ)	3
എം.എൻ.ആർ.ഇ.ജി.എസ്	4843.30	3071333	30,76,176	2981811	94,365.30	9
ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure)	12015	367683	379698	0	379698	
ഹെൽത്ത് ഗ്രാന്റ് (Buildingless Subcentres)	2805500	93216	2898716	1471193	1427523	5
ഹെൽത്ത് ഗ്രാന്റ് (Health And Wellness Centres)	8688	592965	601653	4500	597153	0
ശുചിത്വ മിഷൻ ഗ്രാന്റ്	142482	0	142482	73928	68554	5
ഐ. സി. ഡി. എസ്.	1730974	2610773	4341747	1416369	2925378	3
സ്വച്ഛ് ഭാരത് അഭിയാൻ	0	54000	54000	54000	0	1

ധനകാര്യകമ്മീഷൻ ഗ്രാന്റ് അൺടൈഡ് വിഭാഗത്തിന്റെ വരവ് ബാങ്കിൽ ക്രെഡിറ്റ് ചെയ്ത 2
രൂപ പലിശ കൂടി ഉൾപ്പെട്ടതാണ്.
* വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 11

രൂപയും, 175000/- രൂപയും അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്ന് 1182600 രൂപയും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത ലഭിച്ചത്. കുറവ് ചെയ്ത തുകകൾ ജി.ഒ. പ്രോജക്ടുകളായി സുലേഖയിൽ ഉൾപ്പെടുത്തിയി ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്വെയറിൽ ചേർത്തിട്ടു എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുക ഭാഗമായ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററില തുകകൾ ഉൾപ്പെട്ടിട്ടില്ല. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടി * ധനകാര്യകമ്മീഷൻ (ടൈഡ്) 323168/- രൂപയും ധനകാര്യകമ്മീഷൻ (അൺടൈഡ്) 38891/- രൂ ട്രഷറി അലോട്ട്മെന്റ് ചെലവഴിക്കാത്തതിനാൽ ലാപ്സായി.
വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി.), സംരക്ഷണ ഗ്രാന്റ് (റോഡ്) എന്നിവ ചെലവ് തുക എ.സി.ആർ. പ്രകാരമുള്ളതും സുലേഖ ചെലവു പത്രിക പ്രകാരമുള്ളതു വ്യത്യാസപ്പെട്ടിരിക്കുന്നു.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്ര ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകുന്നത്.

1-5 വാർഷിക പദ്ധതി

പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2024-25-ലെ വാർഷികപദ്ധതിക്ക് പഞ്ചായത്ത് ഭരണസമിതി 18.01.2024 തീയതിയിലെ I(1) യോഗതീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസ മെമ്പർ സെക്രട്ടറിയുടെ 28.02.2025 തീയതിയിലെ 84898/24/DPC/DPO/KTM നടപടി ഉത്തരവുപ്ര നിർവ്വഹണാംഗീകാരവും ലഭിച്ചിരുന്നു. വാർഷികപദ്ധതിരൂപീകരണവുമായി ബന്ധപ്പെ പ്രവർത്തനരേഖകൾ പരിശോധിച്ചതിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19-4-22ലെ സ.ഉ(കൈ 84/2022 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായുള്ള പ്രവർത്തനഘട്ടങ്ങൾ സമയ പാലിച്ച് നിറവേറ്റിയിട്ടുള്ളതായി കാണുന്നു. പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ട

ഭരണസമിതിയുടെ 6-12-23- ലെ യോഗതീരുമാനപ്രകാരം (അജണ്ട- 1/1) ആസൂത്രണസമിതി പു
അംഗങ്ങളെ ഉൾപ്പെടുത്തി പുനസംഘടിപ്പിച്ച് രൂപീകരിക്കുകയും നിലവിലുള്ള വർക്കിംഗ്
അംഗങ്ങളെ നിലനിർത്തുകയും ചെയ്തു. ലഭ്യമാക്കിയ രേഖകൾപ്രകാരം പദ്ധതി ആസൂത്രണ
രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമഞ്ചായത്ത് പിൻതുടർന്ന പ്രവർത്തനഘട്ടങ്ങളും അവ
സമയക്രമവും ചുവടെ ചേർക്കുന്നു.

ആസൂത്രണ സമിതി യോഗം	15-12-23
വെബ്രൻറ് ഗ്രാമസഭ	18-12-23
പദ്ധതി രൂപീകരണ ഗ്രാമസഭകൾ	20-12-23 മുതൽ 4-1-24 വരെ
വികസന സെമിനാർ	8-1-24
ഭിന്നശേഷി ഗ്രാമസഭ	13-2-24
വയോജന ഗ്രാമസഭ	13-2-24

വികസനസെമിനാറിൽ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യു
കരട് നിർദ്ദേശങ്ങൾ ക്രോഡീകരിക്കുയും ചെയ്തിട്ടുണ്ട്. വിട്ടുകിട്ടിയ സ്ഥാപനങ്ങ
മേധാവികളുടേയും വിവിധ നിർവ്വഹണോദ്യോഗസ്ഥരുടേയും യോഗം ചേർന്ന് വ
വികസനമേഖലകളിലായി വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധ
സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ചും ചർച്ചകൾ നടത്തും
തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്.

**(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ര
ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരി
പ്രോജക്ടുകളു
ശതമാനം |
|---|---|---|---|---|---|
| 204 | 11,72,46,590/- | 164 | 7,61,62,775 | 40 | 80% |

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

പദ്ധതിനിർവ്വഹണചുമതല 12 നിർവ്വഹണോദ്യോഗസ്ഥർക്കായി വിഭജിച്ചുനൽകിയി നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	അംഗീകാരം കിട്ടിയ പ്രോജക്ടുകൾ	നടപ്പാക്കിയ പ്രോജക്ടുകൾ	വകയിരുത്തിയ തുക	ചെലവഴിച്ച തുക	ചെ ശത
കൃഷി ഓഫീസർ	5	4	7911250	3723297	47
വെറ്റിറിനറി സർജൻ	6	6	1296400	981163	75
മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി,	11	10	4561310	3542857	77
മെഡിക്കൽ ഓഫീസർ, ഹോമിയോ	4	4	230000	227790	99
മെഡിക്കൽ ഓഫീസർ, ആയുർവേദം	3	3	390000	390000	1(
ഫിഷറീസ് ഇൻസ്പെക്ടർ	2	2	180000	134308	74
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1	13	12	22654092	20158669	88
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	22	20	7770593	7097352	91
സെക്രട്ടറി, ഗ്രാമപഞ്ചായത്ത്	35	22	13660547	6383893	46
അസിസ്റ്റന്റ് എഞ്ചിനീയർ	87	67	52097409	28760465	55

ഹെഡ്മാസ്റ്റർ, ഗവ.യു.പി.സ്കൂൾ	5	5	1261734	1154222	91
ഡയറി ഫാം ഇൻസ്ട്രക്ടർ	3	2	1345328	789180	58
അസിസ്റ്റന്റ് സെക്രട്ടറി	8	7	3887927	2819579	72
ആകെ	204	164	117246590	76162775	64

53 ലക്ഷത്തിലധികം വരുന്ന സർക്കാർ ഗ്രാന്റ്തുക ചെലവഴിക്കാതെ സഞ്ചിതനിധിയിൽ തിരിച്ചെടുക്കപ്പെട്ടു.

ഗ്രാന്റിനം	നഷ്ടമായ തുക
വികസനഫണ്ട്-ജനറൽ	5,30,840/-
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	34,78,222/-
മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)	13,04,003/-
ആകെ	53,13,065/-

വാർഷികപദ്ധതി വിലയിരുത്തൽ

* 24-25 വാർഷികപദ്ധതിക്കായി വകയിരുത്തിയിരുന്ന തുകയുടെ 52.84% ശതമാനം മാ ചെലവഴിച്ചിട്ടുള്ളൂ.

* പൊതുവിഭാഗം വികസനഫണ്ട് 97%വും എസ് സി പി ഫണ്ട് 100%വും ചെലവഴിക്കാനായിട്ടുണ്ട്.

* ആരോഗ്യമേഖലയിൽ എഫ് എച്ച് സി കെട്ടിട നിർമ്മാണം പുരോഗമിച്ചുവരുന്നു.

*സ്ത്രീകൾക്കായി ഫിറ്റ്നസ് ട്രയിനിംഗ് സെന്റർ എന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്ക പ്രോജക്ട് ഉപകരണങ്ങൾ വാങ്ങലിൽ മാത്രം ഒതുങ്ങി.

*എസ് സി വിഭാഗത്തിന്റെ ക്ഷേമത്തിനുതകുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം, ബ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ധനസഹായം , പെൺകുട്ടികൾക്കുള്ള വിവാഹധനസഹ വയോജനങ്ങൾക്ക് കട്ടിൽ തുടങ്ങിയ പദ്ധതികൾ ഈ മേഖലയിൽ നടപ്പിലാക്കി.

*കാർഷികമേഖലയിൽ സംസ്ഥാനസർക്കാരിന്റെ കേരഗ്രാമം പദ്ധതിയിൽ ഗ്രാമപഞ്ചായത്ത ഉൾപ്പെടുത്താൻ സാധിച്ചു.

*സേവനമേഖലയിൽ ജനറൽ, എസ്.സി.പി. വിഭാഗം ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കാ പ്രോജക്ടുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്നായി ആകെ 1.82 കോടി രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

*പൊതുശ്മശാനം സിവിൽ വർക്കുകളും ക്രിമേഷൻ ഉപകരണങ്ങളുടെ സ്ഥാപനവും ഉൾ പണിപൂർത്തീകരിച്ചെങ്കിലും ത്രീഫേയ്സ് കണക്ഷൻ ലഭ്യമാക്കി പൂർണ്ണമ പ്രവർത്തനസജ്ജമായിട്ടില്ല.

*വാട്ടർ അതോറ്റിയുടെ പൈപ്പ് ലൈൻസ്ഥാപിക്കൽ പ്രവൃത്തികൾമൂലം പല റോഡുപ്രവൃത്തി നടപ്പിലാക്കാനായില്ല . റോഡ് മെയിന്റനൻസ് ഗ്രാന്റിനത്തിൽ ലഭ്യമായ 34 ലക്ഷത്തിലധിക തൻവർഷം ചെലവഴിക്കാതെ നഷ്ടമായി .

<u>മോണിറ്ററിംഗ്</u>

പദ്ധതിരൂപീകരണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമ മോണിറ്ററിംഗ് നടത്തുന്നതിനോ റിപ്പോർട്ടുകൾ നല്കുന്നതിനോ കാര്യക്ഷമത പുലർത്തിയി മരാമത്ത് പ്രവൃത്തികളുടെ 1% എങ്കിലും പൊതുമരാമത്ത് മാനുവൽ നിഷ്ക്കർഷിച ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കണമെന്ന പദ്ധതി രൂപീകരണ മാർഗ്ഗരേഖ നിർ പാലിക്കപ്പെട്ടിട്ടില്ല. സോഷ്യൽ ഓഡിറ്റ് നടത്തി പ്രോജക്ടുകളുടെ ഫലക്ഷമത വിലയിരു നടന്നതായും കാണുന്നില്ല.

<u>1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് 2024-25വർഷത്തെ ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ എന്നിവ പഞ്ചായത്ത് കമ്മിറ്റിയുടെ 18-12-2 യോഗതീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി {തീരുമാനം- 3(2)}. തൻവർഷം ആവിഷ്ക പ്രവൃത്തികളുടെ ആക്ഷൻ പ്ലാൻ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രവൃത്തിയുടെ സ്വഭാവം	പ്രവൃത്തികൾ	എണ്ണം	ആകെ തൊഴിൽ ദിനങ്ങൾ	വകയിരുത്തുക (₹
1	പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു പ്രവൃത്തികൾ	മഴക്കുഴി നിർമ്മാണം, പാടശേഖരങ്ങളുടെ ചാലുകൾ , തോടുകൾ ആഴംകൂട്ടി ജൈവ പ്രബലനം നടത്തുക, കയർഭൂവസ്ത്രം വിരിക്കൽ, ജൈവവേലി നിർമ്മാണം മുതലായവ	111	32,189	1,52,80,8
2	സമൂഹത്തിൽ അവശത അനുഭവിക്കുന്ന വിഭാഗങ്ങൾക്കുള്ള വ്യക്തിഗത ആസ്തികൾ	കിണർ, കുളം നിർമ്മാണം, റീചാർജ് പിറ്റ്, തരിശുഭൂമി കൃഷിയോഗ്യമാക്കുക, തീറ്റപ്പുൽക്കൃഷി വികസനം, ലൈഫ് ഭവന നിർമ്മാണം, കാലിത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് നിർമ്മാണം, അസോള ടാങ്ക് നിർമ്മാണം, കമ്പോസ്റ്റ്, സോക്ക്പിറ്റ് നിർമ്മാണം മുതലായവ	387	19,470	1,09,39,7

3	സ്വയം സഹായ സംഘങ്ങൾക്ക് പൊതു അടിസ്ഥാന സൗകര്യങ്ങൾ	വനിതാ സ്വയം സഹായ സംഘങ്ങൾക്ക് വർക്ക് ഷെഡ് നിർമ്മാണം	1	40	1,13,32(
4	ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ	റോഡ് കോൺക്രീറ്റീംഗ്, ഗവ. സ്കൂളുകൾക്ക് കളിസ്ഥലം നിർമ്മാണം, ഗ്രാമീണ ചന്ത, അങ്കണവാടി നിർമ്മാണം, മിനി എം.സി.എഫ്. നിർമ്മാണം മുതലായവ	25	1101	29,70,01
	ആകെ		524	52800	2930400

ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴില പദ്ധതിയുടെ 2024-25 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 16 വാർഡുകളിലും ലേബർ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2024-25 വർഷം 2452 പേർക്ക് പുതുതായി തൊഴിൽ ക നൽകിയിട്ടുണ്ട്. ലേബർ ബജറ്റ് പ്രകാരം ആകെ വിഭാവനം ചെയ്ത 524 പ്രോജക്ടുകളിൽ 165 എണ്ണത സാങ്കേതിക അനുമതി ലഭിച്ചിരുന്നു. ആയതിൽ 106 പ്രോജക്ടുകൾ മാത്രമേ പൂർത്തീകരിച്ചിട്ട സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പൊതു അടിസ്ഥാനസൗകര്യങ്ങൾ എന്ന ലക്ഷ്യം മുൻനി 1,13,320 രൂപ അടങ്കലിൽ കുടുംബശ്രീ വർക്ക് ഷെഡ്നിർമ്മാണം എന്ന പ്രവൃത്തി വിഭാ ചെയ്തിരുന്നെങ്കിലും നടപ്പിലാക്കിയില്ല. 54,237തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 813 കുടുംബ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി തോട് കൂട്ടൽ, മഴക്കുഴി നിർമ്മാണം, വാച്ചാൽ ആഴം കൂട്ടൽ, വൃക്ഷത്തൈ നടീൽ തുടങ്ങിയ പ്രവൃത്ത തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

വരവ്	ചെലവ്

മുന്നിരിപ്പ്	**4843.3**	Skilled Labour (DBT)	3,75,
ഇ എഫ് എം എസ് വരവുകൾ		Unskilled Labour (DBT)	1,82,7
അഡ്മിനിസ്ട്രേറ്റീവ് വരവ്	1735843	Material (DBT)	55,81
Skilled Labour	3,75,200	**അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ (Own Fund))**	
Unskilled Labour	1,82,76,803	ശമ്പളം	13,17
Material	55,81,997	പ്രിന്റിങ്ങ് & സ്റ്റേഷനറി	37,
ആകെ ഇ എഫ് എം എസ് വരവ്	25969843		
പലിശ വരവ്	4311		
പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ	13,55,104	പഞ്ചായത്ത് തനത് ഫണ്ട് മുൻകൂർ തിരിച്ചടവ്	16,50
		നീക്കിയിരിപ്പ്	94,36
ആകെ	**2,73,34,101.30**	**ആകെ**	**2,73,34,**

2024-25 വർഷം തൊഴിലുറപ്പ് പദ്ധതിയുടെ 2.42 കോടി രൂപയുടെ പദ്ധതി ചെലവിൽ സുസ്ഥിര ര സൃഷ്ടിക്കുന്ന പ്രോജക്ടുകളൊന്നും നടപ്പാക്കിയിട്ടില്ലാത്തതാണ്. മുൻകൂർ ക്രമീകരിക്കാനുള്ള തൊഴിലുറപ്പ് ഫണ്ട് ലഭ്യമാക്കി തുടർവർഷം തന്നെ ക്രമീകരിക്കേണ്ടതാണ്.

1-7 സാമൂഹിക സുരക്ഷാപെൻഷൻ

2024-25 വർഷം പായിപ്പാട് ഗ്രാമപഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി 5.35 കോടി ചെലവഴിച്ചിട്ടുണ്ട്. വിശദാംശം പട്ടികയിൽ ചേർക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളു എണ്ണം
വാർദ്ധക്യകാല പെൻഷൻ	2,86,22,800	1900

കർഷക തൊഴിലാളി പെൻഷൻ	81,60,000	495
വിധവാ പെൻഷൻ	1,21,79,400	798
50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ	3,92,000	27
വികലാംഗ പെൻഷൻ	42,00,100	262
ആകെ	5,35,54,300	3,482

1-8 ക്യാഷ് വേരിഫിക്കേഷൻ

കോട്ടയം ജില്ലയിലെ പായിപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായ ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശ 21.08.2025 തീയതി 03:00 PM ന് അക്കൗണ്ടന്റിന്റെയും ഫ്രണ്ട് ഓഫീസ് ക്യാഷ്യറുടെയും സാന്നിദ്ധ്യത്ത നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് പരിശോധനയിൽ ₹5979/- (അയ്യായിരത്തി തൊള്ളായിര എഴുപത്തി ഒൻപത് രൂപ മാത്രം) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം ഇനിയും മെച്ചപ്പെടേണ്ടതുണ്ട് എന ഓഡിറ്റിൽ ബോധ്യപ്പെട്ടത്. ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുക ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്. ചെലവ് വൗച്ചറുകളും അനുബ രേഖകളുടെയും സൂക്ഷിപ്പ് പൊതുവിൽ തൃപ്തികരമാണെങ്കിലും ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വ രജിസ്റ്റർ സർക്കാരിലേക്ക് ഒടുക്കാനുള്ള വിവിധ തുകകളുടെ വിനിമയം സൂചിപ്പിക്കുന്ന രജ എന്നിവ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ര പരിപാലനം മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കുന്നതിന് ആസ്തി മാനേജ്മെന്റ് തയ്യാറാക്കിയിട്ടില്ല. പർച്ചേസുമായി ബന്ധപ്പെട്ട് വാർഷിക സമാഹരണ പദ്ധതി തയ്യാറാക്കിയ ഗ്രാമപഞ്ചായത്തിലെയും, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേര്, മേൽവില എന്നിവ രേഖപ്പെടുത്തിയ മാസ്റ്റർ ഇൻകമ്പൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ഓഡിറ്റ് വർഷം ഒരു തവണ മാത്ര വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പ് യോഗനടപടികൾ ശര രീതിയിൽ മിനിട്ട്സ് ചെയ്യപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റിക പ്രവർത്തിക്കുകയോ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററുകളു രേഖകളുടെയും പരിപാലനം കൃത്യമാക്കുന്നതിനും, ആഭ്യന്തര നിയന്ത്രണ സംവി ശക്തിപ്പെടുത്തുന്നതിനും അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീ
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	2/03/2016-18/03/2016	2014-15	LBA(HQ) 28A- 241
പെർഫോർമൻസ് ഓഡിറ്റ്	03/06/2022	7/2021-12/2021	06/2021 വരെയുള്ള റിപ്പോർട്ട് ലഭിച്ച

1-11 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ **സ്വന്തം താമസത്തിന് ഉപയോഗിക പാർപ്പിടങ്ങൾ, ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) ച.മീ.വരെയുള്ളവ** എന്ന ഗണത്തിൽപ്പെടുത്തി ചതുരശ്ര മീറ്ററിന് 8 രൂപ നിരക്കിൽ അടിന വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിവരുന്ന താഴെപ്പറയുന്ന കെട്ടിടങ്ങളുടെ സഞ്ചയ നേ വെയർ, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരമുള്ള വിസ്തീർണ്ണം 300 ച.മീറ്ററിൽ അധികമാ കാണുന്നു. കെട്ടിടത്തിന്റെ വിസ്തീർണ്ണം 300 ചതുരശ്ര മീറ്ററിനു മുകളിലായതി **പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ**

ഗണത്തിൽപ്പെടുത്തി ചതുരശ്ര മീറ്ററിന് 9 രൂപ നിരക്കിലാണ് വസ്തു നി
നിർണ്ണയിക്കേണ്ടിയിരുന്നത്. തെറ്റായ ഗണത്തിൽപ്പെടുത്തി വസ്തു നികുതി നിർണ്
ഈടാക്കിയതു മൂലം വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്
(2024-25 വർഷത്തെ നികുതി വർദ്ധനവ് (5%) ഉൾപ്പെടെയുള്ള നിരക്കാണ് പട്ട
കാണിച്ചിരിക്കുന്നത്.

ക്രമനമ്പർ- 1			
ഫയൽ നമ്പർ	SC1/1442/2025		
കെട്ടിട നമ്പർ	03/65 A		
നികുതി പ്രാബല്ല്യത്തിൽ വന്നത്	2024 രണ്ടാം അർദ്ധ വർഷം		
ഉടമസ്ഥൻ	മിഥുൻ വിജയ്		
വിസ്തീർണ്ണം (ച.മീ)	691.47		
	നിർണ്ണയിച്ച നികുതി	നിർണയിക്കേണ്ട നികുതി	
നിരക്ക്	8.4	9.45	
അടിസ്ഥാന വസ്തു നികുതി	5808.348	6534.3915	
ഇളവുകൾ	ഇല്ല		
വർദ്ധനവുകൾ			
(എ.) വഴി സൗകര്യം (തുക)	1162	1307	
(ബി.) തറ നിർമ്മിതി (തുക)	871	980	
(സി.) എയർ കണ്ടീഷനിംഗ് (തുക)	ഇല്ല		
(ഡി.) ആകെ വർദ്ധനവ് (%)	35		
(ഇ.) ആകെ വർദ്ധനവ് (തുക)	2033	2287	
	7842	8821	
സർവ്വീസ് ചാർജ്ജ്	785	882	

ലൈബ്രറി സെസ്സ്	393	441	
ആകെ	9020	10145	
2024-2025 രണ്ടാം അർദ്ധ വാർഷിക നികുതി	4510	5072	
ക്രമനമ്പർ -2			
ഫയൽ നമ്പർ	SC1/2192/2024		
കെട്ടിട നമ്പർ	3/416 A1		
നികുതി പ്രാബല്ല്യത്തിൽ വന്നത്	2024 ഒന്നാം അർദ്ധ വർഷം		
ഉടമസ്ഥൻ	ജോബ് മാത്യു		
വിസ്തീർണ്ണം (ച.മീ)	333.79		
	നിർണ്ണയിച്ച നിരക്ക്	നിർണയിക്കേണ്ട നിരക്ക്	ക
നിരക്ക്	8.4	9.45	
ഇളവുകൾ	ഇല്ല		
വർദ്ധനവുകൾ			
അടിസ്ഥാന വസ്തു നികുതി	2804	3154	
(എ.) വഴി സൗകര്യം (തുക)	561	631	
(ബി.) തറ നിർമ്മിതി (തുക)	421	473	
(സി.) എയർ കണ്ടീഷനിംഗ് (തുക)	ഇല്ല		
(ഡി.) ആകെ വർദ്ധനവ് (%)	35		
(ഇ.) ആകെ വർദ്ധനവ് (തുക)	981	1104	
	3785	4258	
സർവ്വീസ് ചാർജ്ജ്	379	426	
ലൈബ്രറി സെസ്സ്	189	213	
2024-2025 ലെ വാർഷിക നികുതി	4355	4897	

ക്രമനമ്പർ -3			
ഫയൽ നമ്പർ	SC1/5330/24		
കെട്ടിട നമ്പർ	13/81 B		
നികുതി പ്രാബല്ല്യത്തിൽ വന്നത്	2024 രണ്ടാം അർദ്ധ വർഷം		
ഉടമസ്ഥൻ	അനു അലക്സ്		
വിസ്തീർണ്ണം (ച.മീ)	331.97		
	നിർണ്ണയിച്ച നിരക്ക്	നിർണയിക്കേണ്ട	ക
നിരക്ക്	8.4	9.45	
ഇളവുകൾ	ഇല്ല		
വർദ്ധനവുകൾ			
അടിസ്ഥാന വസ്തു നികുതി	2789	3137	
(എ.) വഴി സൗകര്യം (തുക)	ഇല്ല		
(ബി.) തറ നിർമ്മിതി (തുക)	418	471	
(സി.) എയർ കണ്ടീഷനിംഗ് (തുക)	ഇല്ല		
(ഡി.) ആകെ വർദ്ധനവ് (%)	15		
(ഇ.) ആകെ വർദ്ധനവ് (തുക)	418	471	
	3207	3608	
സർവ്വീസ് ചാർജ്ജ്	321	361	
ലൈബ്രറി സെസ്സ്	160	180	
ആകെ	3688	4149	
2024-2025 രണ്ടാം അർദ്ധ വാർഷിക നികുതി	1844	2074	

2.) ചുവടെ ചേർത്തിരിക്കുന്ന കെട്ടിടത്തിന് 2023 രണ്ടാം അർദ്ധവർഷത്തിൽ **പാർപ്പിടാവ**
സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വി

സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ . എന്ന ഗണത്തിൽപ്പെട ചതുരശ്ര മീറ്ററിന് 8 രൂപ നിരക്കിൽ അടിസ്ഥാന വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി വ എന്നാൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം 300 ച.മീറ്ററിനു മുകളിലാണ്. സ.ഉ(എം.എസ്) 77/2025 തീയതി 22/03/2023 ഉത്തരവിലെ നിർദ്ദേശ പ്രകാരം 2023-2024 മുതൽ ഓരോ വർഷവും തൊട്ടു വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ചു ശതമാനം വീതം വർദ്ധനവ് വര വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. ടി കെട്ടിടത്തിന് 2024-25 വർഷത്തിൽ നികുതിയിൻമേൽ 5% വർദ്ധനവ് ബാധകമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫയൽ നമ്പർ	400517/BABC06/GPO/2023/6104					
കെട്ടിട നമ്പർ	14/95A					
നികുതി പ്രാബല്ല്യത്തിൽ വന്നത്	2023-24 രണ്ടാം അർദ്ധ വർഷം					
ഉടമസ്ഥൻ	ടിജു ജോസഫ്					
	2023-24 രണ്ടാം അർദ്ധ വർഷം			2024-25 വർഷം		
വിസ്തീർണ്ണം (ച.മീ)	486.36			486.36		
	നിർണ്ണയിച്ച നിരക്ക്	നിർണയിക്കേണ്ട നിരക്ക്	കുറവ്	നിർണ്ണയിച്ച നിരക്ക്	നിർണയിക്കേണ്ട നിരക്ക്	കുറ
നിരക്ക്	8	9		8	9.45	
	3890.88	4377.24		3890.88	4596.102	
അടിസ്ഥാന വസ്തു നികുതി ഇളവുകൾ						
(എ.) മേഖല (തുക)	ഇല്ല			ഇല്ല		
(ബി.)വഴി സൗകര്യം (തുക)	ഇല്ല			ഇല്ല		

(സി.) മേൽക്കൂര (തുക)	389.088	437.724	48.636	389.088	459.6102	70.
(ഡി.) കാലപ്പഴക്കം (തുക)	ഇല്ല			ഇല്ല		
(ഇ.) ആകെ ഇളവ്(%)	10			10		
വർദ്ധനവുകൾ						
(എഫ്.) ആകെ ഇളവ് (തുക)	389.088	437.724	48.636	389.088	459.6102	70.
(എ.) വഴി സൗകര്യം (തുക)	778.176	875.448	97.272	778.176	919.2204	141
(ബി.) തറ നിർമ്മിതി (തുക)	583.632	656.586	72.954	583.632	689.4153	105
(സി.) എയർ കണ്ടീഷനിംഗ് (തുക)	ഇല്ല			ഇല്ല		
(ഡി.) ആകെ വർദ്ധനവ് (%)	35	35	0	35	35	
(ഇ.) ആകെ വർദ്ധനവ് (തുക)	1361.808	1532.034	170	1361.808	1608.6357	2
	4864	5472	608	4864	5745	8
സർവ്വീസ് ചാർജ്ജ്	486.36	547.155	61	486.36	574.51275	
ലൈബ്രറി സെസ്	243.18	273.5775	30	243.18	287.25638	
ആകെ	5593	6292	699	5593	6607	1
ആകെ സംഭവിച്ച കുറവ്						699+ 1

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറ (നം.09/26.08.2025)ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ ഈടാക്കി വിവരം അറിയിക്കുന്നതാണെന്നും. 5 %ശതമാനം വാർഷിക വർദ്ധനവ് സഞ്ചയ സോ വെയറിൽ ഓട്ടോമാറ്റിക് ആയി വരേണ്ടതാണെന്നും, ബാധകമാക്കാത്തത് സംബന്ധിച്ച് സ പോർട്ടലിൽ കംപ്ലെയിന്റ് രജിസ്റ്റർ ചെയ്തിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. വസ്തു നികുതിയിൽ വാർഷിക വർദ്ധനവ് വരുത്തുന്നുണ്ടെന്നത് ഉറപ്പാക്കേണ്ടതാണ്. മേൽ കെട്ടിടങ്ങളുടെ വസ്തു നി പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-12 ടർഫുകൾക്ക് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല

1.) 2024-25 ലെ ഗ്രാമപഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ക്രമ നം.78 പ്രകാരം ജെയിംസ് കോര എന്ന വ്യക്തിക്ക് കായിക പരിശീലന കേന്ദ്രം നടത്തിപ്പ് ആവശ്യത്തിലേക്കായി 14-ാം വാർഡിൽ 194 B, C, E എന്നീ കെട്ടിടങ്ങളിൽ ലൈസ അനുവദിച്ചിട്ടുണ്ട്(നം. 1787). 27.08.2025 ൽ ടി സ്ഥലത്ത് നടത്തിയ പ്രാദേശിക പരിശോധനയിൽ സ്ഥലത്ത് എഡൻസ് സ്പോർട്ട്സ് അരീന എന്ന പേരിൽ ടർഫ്, ബാഡ്മിന്റൺ കോർട്ട്, സ്വിമ്മിംഗ് എന്നിവയാണ് പ്രവർത്തിക്കുന്നത്. സഞ്ചയ വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയ പരാമർശിച്ചിരിക്കുന്ന മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം	വിസ്തീർണ്ണം	ഉപയോഗക്രമം
1	194 B	താഴത്തെ നില (15.21ച മീ)	ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീ കെട്ടിടം ഉൾപ്പടെ)
2	194 C	താഴത്തെ നില (15.21ച മീ)	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ
3	194 E	താഴത്തെ നില (16.46ച മീ)	ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ

13.04.2023 തീയതിയിലെ ഫയൽ നമ്പർ SC1/2557/2023 പ്രകാരം വാണിജ്യ, പാ ആവശ്യങ്ങൾക്കായ കെട്ടിടം നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിലേക അനുമതിക്കായി നൽകിയ അപേക്ഷയ്ക്കാപ്പം സമർപ്പിച്ച് പഞ്ചായത്തിൽ നിന്നും അംഗീക നൽകിയ പ്ലാനിൽ പ്രസ്തുത പ്ലോട്ടിൽ ടർഫ് കോർട്ട്, ബാഡ്മിന്റൺ കോർട്ട്, സ്വിമ്മിംഗ് പൂൾ എ നിലവിലുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണം, പ്ലാ രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിട നമ്പർ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ച ചേർക്കുന്നു.

ക്രമ നമ്പർ	നിർമ്മിതി	വിസ്തീർണ്ണം	പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന കെ നമ്പർ
1	ടർഫ് കോർട്ട്	1408.ച.മീ.	രേഖപ്പെടുത്തിയിട്ടില്ല
2	ബാഡ്മിന്റൺ കോർട്ട്, ഓഫീസ്, കഫെ	212.48 ച.മീ.	14/194 B,14 194 C
3	സ്വിമ്മിംഗ് പൂൾ, ടോയിലറ്റ്	132.17 ച.മീ	14/194 E

നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ചതിലും അധിക വിസ്തീ ഉള്ളതായി പ്ലാനിൽ നിന്നും വ്യക്തമായിട്ടും. അധിക നിർമ്മാണങ്ങളെ നികുതിയുടെ പരിധി കൊണ്ടു വരികയോ, മറ്റ് തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 05.04.2023ലെ (അച്ചടി) നം. 25/2023/LSGD പ്രകാരം ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന ടർഫ് സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 25 നും 45 നും ഇടയി നിരക്ക് ഈടാക്കാവുന്നതാണ്.പായിപ്പാട് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 13.11.2023 ലെ തീരുമാനപ്രകാരം ഈ ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന നികുതി നിരക്ക് 45 രൂപയാണ്. മേൽ പരാമർശിച്ചിരിക്കുന്ന ടർഫിനെ ഒരു ഗണത്തിലും പെട ഗ്രാമപഞ്ചായത്ത് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. 1408 ച.മീ വിസ്തീർണം ഉള്ള ടർഫിന് വസ്തു നി ഈടാക്കാത്തത് മൂലം തനത് വരുമാനത്തിൽ വൻ കുറവ് സംഭവിച്ചിട്ടുണ്ട്. ടർഫിന്റെ നിർമ അനുമതി സംബന്ധിച്ച വിവരങ്ങളും, പ്ലാൻ പ്രകാരമുള്ള അധികനിർമ്മാണങ്ങൾക്കും,ടർഫ വസ്തു നികുതി നിർണ്ണയിക്കാത്തതിനു വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽ

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 22/29.08.2025നു മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക നിർമ്മാണ ടർഫ് എന്നിവയിന്മേൽ കേരള പഞ്ചായത്തിരാജ് നിയമം സെക്ഷൻ 235ഡബ്ല്യു, 2019 ലെ പഞ്ചായത്തിരാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 90 എന്നിവയിലെ വ്യവസ്ഥക വിധേയമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2.) ലൂർദ്ദ് മാതാ ചർച്ചിന്റെ എതിർവശത്തായി ഫെദർലാൻഡ് എന്ന പേരിൽ പ്രവർത്തിക്കുന്നുണ്ട്. ടർഫിന്റെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ,അനു രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓ അന്വേഷണക്കുറിപ്പ് നം. 22/29.08.2025 നു മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിവര പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന പെർമ്മിറ്റ് രജിസ്റ്റ വിവരങ്ങൾ പൂർണ്ണമല്ല. അപേക്ഷകന്റെ പേര്, പെർമ്മിറ്റ് നമ്പർ എന്നീ വിവരങ്ങൾ മാത്ര രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ തരം, വിസ്തീർണ്ണം എന്നിവ സംബ വിവരങ്ങളൊന്നും പെർമ്മിറ്റ് രജിസ്റ്ററിൽ ലഭ്യമല്ല. തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 02.12.202 12900/ആർഎ1/2015/തസ്വഭവ സർക്കുലർ മുഖേന പെർമ്മിറ്റ് രജിസ്റ്ററിൽ അപേക്ഷയുമായി ബന്ധ വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ടി നിർദ്ദേശ പാലിക്കേണ്ടതും അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-13 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

2024-25 വർഷത്തെ തൊഴിൽനികുതി വരവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗ്രാമപഞ്ചായത്തിലെ സ്ഥാപന തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങ കൃത്യമായ വിവരശേഖരണം നടത്തി ഡിമാന്റ് നിർണയിച്ച് വിവരങ്ങൾ പ്രത്യേക രജിസ്റ്റ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. തന്മൂലം സ്ഥാപനങ്ങൾ നികുതി ബാധ്യതയിൽ ഒഴിവാകുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ചില സ്ഥാപന തൊഴിൽനികുതി ഒടുക്കിയതിന്റെ രസീത് നമ്പർ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റ ചേർത്തിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചതാ രേഖപ്പെടുത്തൽ കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

ക്രമ നം.	സ്ഥാപനം	2024-25 നികുതി ഒടുക്കാത്ത ര വർഷം
1	റെനന്റ് ആന്റ് ടൈക്ക് നിധി ലിമിറ്റഡ്	1&2
2	ബിൽഡ്ടെക്സ്റ്റ് കൺസ്ട്രക്ഷൻ സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ്	2
3	അമാൻ കോളേജ് ഓഫ് സയൻസ് & ടെക്നോളജി	1
4	പായിപ്പാട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് ലി. നം.1698	2
5	കെ.ജി.ബി. ഫിനാൻസ്, നാലുകോടി	2
6	മുത്തൂറ്റ് ഫിൻകോർപ്പ്, നാലുകോടി	2
7	റ്റോഡി ഷോപ്പ് നം. 4, പൂവം	2
8	പൗർണ്ണമി ഫ്യൂവൽസ് (പെട്രോൾ പമ്പ്)	1&2
9	കൈലാത്ത് ട്രേഡിംഗ് കമ്പിനി	1&2
10	വലിയപറമ്പിൽ ട്രേഡിംഗ് കമ്പിനി	1&2
11	ക്ഷീരോത്പാദക സഹകരണ സംഘം നം കെ.116, കോട്ടമുറി	1&2
12	ക്ഷീരോത്പാദക സഹകരണസംഘം നം കെ.150, വെള്ളാപ്പള്ളി	1&2
13	ക്ഷീരോത്പാദക സഹകരണസംഘം നം കെ.143, പായിപ്പാട്	1&2

2)1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശ ദിവസത്തിൽ കുറയാതെ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടവർക്ക് തെ നികുതി ചുമത്തേണ്ടതാണ്. എന്നാൽ 2024-25 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കാണ

പഞ്ചായത്തിലെ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ച പ്രകാരം പഞ്ചായത്ത് പരിധി വളരെയധികം ജീവനക്കാർ തൊഴിൽ നികുതി ഒടുക്കാതെ ജോലിചെയ്യുന്നതായി കാണ ഏതാനും സ്ഥാപനങ്ങളുടെ വിവരം ഉദാഹരണമായി ചുവടെ ചേർക്കുന്നു.

ക്രമ നം.	ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനം	2024-25 നികുതി ഒടുക്കാത്ത ആ വർഷം
1	റെനന്റ് ആന്റ് ടൈക്ക് നിധി ലിമിറ്റഡ്	1&2
2	ബിൽഡ്ടെക്സ്റ്റ് കൺസ്ട്രക്ഷൻ സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ്	2
3	അമാൻ കോളേജ് ഓഫ് സയൻസ് & ടെക്നോളജി	1
4	എഫ്.എച്ച്.സി.പായിപ്പാട് (എൻ.എച്ച്.എം.സ്റ്റാഫ്)	1
5	ഇൻഡ് ട്രേഡ് മൈക്രോഫിനാൻസ്	1&2
6	പായിപ്പാട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് ലി. നം.1698	2
7	കെ.ജി.ബി. ഫിനാൻസ്, നാലുകോടി	2
8	മുത്തൂറ്റ് ഫിൻകോർപ്പ്, നാലുകോടി	2
9	റ്റോഡി ഷോപ്പ് നം. 4, പൂവം	2
10	ബിസ്മി ഏജൻസി	2
11	സാഫാ സൂപ്പർ മാർക്കറ്റ്	2
